നമ്പർ: PDMC-3/30684/12.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 4-10-2012.

# സർക്കുലർ

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ്- മലയാള മനോരമ പത്രത്തിൽ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെക്കുറിച്ച്- ഫീച്ചർ ചെയ്യുന്നത്- സംബന്ധിച്ച്-

സൂചന: മലയാള മനോരമ അസോസിയേറ്റ് എഡിറ്റർ ശ്രീ.മാത്യൂസ് വർഗീസിന്റെ അപേക്ഷ.

സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിൽ മാതാപിതാക്കളും, വീടും എവിടെയെന്നറിയാതെ കഴിയുന്ന കുട്ടികളെക്കുറിച്ച് മലയാള മനോരമയിൽ ഒരു ഫീച്ചർ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് മേൽ സൂചന പ്രകാരം ശ്രീ.മാത്യൂസ് വർഗീസ് അറിയിച്ചിരിക്കുന്നു. ചെറുപ്രായത്തിൽ ഭിക്ഷാടന സംഘങ്ങളോ മറ്റോ തട്ടിയെടുത്തോ, മറ്റേതെങ്കിലും സാഹചര്യത്തിലോ ഹോമുകളിൽ എത്തിപ്പെട്ട കുട്ടികളെയാണ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും, ഇത്തരമൊരു ഉദ്യമത്തിലൂടെ അവരിൽ ചിലർക്കെങ്കിലും സ്വന്തം കുടുംബത്തെ കണ്ടെത്താൻ കഴിയുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫീച്ചർ ചെയ്യുന്നതിനായി ചിൽഡ്രൻസ് ഹോമുകളിൽ എത്തുന്ന മനോരമ ലേഖകർക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ

1. എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും.
2. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
3. എല്ലാ ഡി.പി.ഒ-മാർക്കും.

DB/2012